

ആദിവാസികളെ കാവിവൽക്കരിക്കുമ്പോൾ – 3

ലേഖനം ● ഹാദി

# ദൈവങ്ങൾക്കും മതപരിവർത്തനം

**പഴയ** ഗുരുകുല വിദ്യാഭ്യാസത്തിനു സമാനമായ രീതിയിലുള്ള ഏകൽ വിദ്യാലയങ്ങൾ, ശബ്‌രി കുംഭമേളകൾ, പുത്തൻ ദൈവസങ്കൽപങ്ങൾ തുടങ്ങിയവ ആദിവാസി മേഖലകളിലെ സംഘ്പരിവാറിന്റെ വിജയിച്ച പരീക്ഷണങ്ങളാണ്. ഇന്ത്യയിലെ പ്രമുഖ മനുഷ്യാവകാശ പ്രവർത്തകരും ആക്റ്റിവിസ്റ്റുകളും അംഗങ്ങളായ സിറ്റിസൺസ് എൻക്വയറി കമ്മിറ്റിയുടെ അന്വേഷണങ്ങൾ ഇവയുടെ വിശദാംശങ്ങൾ പുറത്തുകൊണ്ടുവന്നിട്ടുണ്ട്.

### നിങ്ങളും ഹിന്ദുക്കളാണ്

'നിങ്ങൾ ഹിന്ദുക്കളാണ്. ഹിന്ദു ആചാര പ്രകാരമാണ് നിങ്ങൾ ജീവിക്കേണ്ടത്. ഈ വൈദിക ആചാരങ്ങൾ നിങ്ങളുടെ ജീവിതത്തിന്റെ ഭാഗമാണ്. ക്രിസ്ത്യാനികളും മുസ്‌ലിംകളും നിങ്ങളുടെ ശത്രുക്കളാണ്. അവരെ ഉന്മൂലനം ചെയ്യണം' – ഇതാണ് സംഘ്പരിവാർ ആദിവാസികളെ പഠിപ്പിക്കുന്നത്. അതിനായി സ്വാമിവേഷം കെട്ടിയ ആർ.എസ്.എസ് വളണ്ടിയർമാർ ആദിവാസി മേഖലകളിൽ തമ്പടിച്ച് പ്രവർത്തിക്കുന്നു. ഗ്രാമങ്ങളിൽനിന്ന് ഗ്രാമങ്ങളിലേക്ക് സഞ്ചരിച്ച് ഏകൽ വിദ്യാലയങ്ങളിലും കായിക പരിശീലന കേന്ദ്രങ്ങളിലും സ്ത്രീ വേദികളിലും അവർ ക്ലാസുകൾ എടുക്കുന്നു. 'എന്തിന് ക്രിസ്ത്യാനികൾ ഇവിടെ താമസിക്കുന്നു, നിങ്ങൾക്ക് വിദ്യാഭ്യാസം തരുന്നു? അവർ വിദേശികളാണ്, നിങ്ങളെ മതംമാറ്റാൻ ശ്രമിക്കുകയാണ്.' ഇങ്ങനെ വർഗീയതയുടെ വിഷസൂചികൾ പ്രവർത്തന ക്ഷമമാകുമ്പോഴാണ് പാസ്റ്റർ ഗ്രഹാംസ്റ്റെയിൻസിനെ പോലെ പലരും വധിക്കപ്പെടുന്നത്.

14–15 വയസുള്ള പെൺകുട്ടികളെ ആദിവാസി ഊരുകളിൽനിന്ന് സംഘ്പരിവാർ കൊണ്ടുപോകുന്നു. വർഗീയതയുടെ പാഠങ്ങളും ഹിന്ദുത്വയുടെ മഹത്വങ്ങളും ചൊല്ലിക്കൊടുത്തും സായുധ പരിശീലനം നൽകിയും അവരെ സാധ്വികളാക്കി വളർത്തിയെടുക്കുന്നു. ഗ്രാമങ്ങളിലേക്ക് തിരിച്ചെത്തുന്ന സംഘ് സാധ്വിമാർ പിന്നീട് ചെയ്യുന്നത് സ്ത്രീകളുടെയും കുട്ടികളുടെയും മനസ്സിൽ കാവിവർണം പൂശുകയാണ്. ശബ്‌രി, ഹനുമാൻ തുടങ്ങിയ ദൈവങ്ങളെയും സാംസ്കാരിക ചിഹ്നങ്ങളെയും ധാരാളമായി ഉപയോഗി

ച്ചുകൊണ്ടാണീ പ്രക്രിയ പുരോഗമിക്കുന്നത്. മതപരമായ ചടങ്ങുകളുടെ പേരിൽ ആദിവാസികളെ സംഘടിപ്പിക്കുകയും അവിടെ 'വർഗീയത' വിളമ്പുകയും ചെയ്യുന്നു. എന്നാൽ, ആദിവാസികളുടെ അടിസ്ഥാന പ്രശ്നങ്ങൾ അവഗണിക്കുകയോ പാർശ്വവൽക്കരിക്കുകയോ ചെയ്യുന്നു. അതേസമയം സാംസ്കാരികമായ മാനിപ്പുലേഷനിലും (Cultural Manipulation) മതകീയതയിലും ഊന്നുന്നു. ഇതാണ് സംഘ്തന്ത്രം. ജാതി മേൽക്കോയ്മയിലൂടെയും മതപരമായ ആധിപത്യം നേടിയെടുക്കാൻ ശ്രമിക്കുന്നു. ദൈവ സങ്കൽപത്തിൽപോലും ജാതിവേർതിരിവുണ്ട്.

വിദ്യാസമ്പന്നരായ ആളുകളെ പ്രത്യേകം ടാർഗറ്റ് ചെയ്യും. അവരെ സംഘടനയിലെത്തിക്കുകയും നേതാക്കളാക്കി ഉയർത്തിക്കാണിക്കുകയും ചെയ്യും. അതോടെ അവരുടെ പ്രദേശത്തുകാരും വർഗക്കാരും അവരിലൂടെ സംഘ്പരിവാറിലെത്തും. ആദിവാസി-ദലിത് വിഭാഗങ്ങൾക്കിടയിൽ സ്വാധീനമുറപ്പിക്കാനുള്ള സംഘ് തന്ത്രങ്ങളിലൊന്നാണിത്. 'അയോധ്യാ കാമ്പയിൻ' ആദിവാസി മേഖലകളിൽ വ്യാപകമായി ആഘോഷിക്കപ്പെട്ടു. അതോടെയാണ് പലരും ഹിന്ദുത്വവൽക്കരിക്കപ്പെട്ടത്. ആദിവാസികൾക്കിടയിൽ രാമക്ഷേത്ര മുദ്രാവാക്യം ഉയർത്തപ്പെട്ടതോടെ അവർക്കൊരു ഹിന്ദുത്വ ബോധം ഉണ്ടായി. വ്യാപകമായി ആചരിക്കപ്പെട്ട 'ആരതി' അതെന്താണെന്നറിയാത്തവരെപ്പോലും സംഘ് ക്യാമ്പുകളിലെത്തിച്ചു. പിന്നീട് പ്രാദേശിക ഉത്സവങ്ങളും സംഘടിപ്പിക്കപ്പെട്ടു. (The Hindu Online edition of Indian News Papper Friday - April 16, 2004 - Counter Currents.org 17 April 2004)

**14-15 വയസുള്ള പെൺകുട്ടികളെ ആദിവാസി ഊരുകളിൽനിന്ന് സംഘ്പരിവാർ കൊണ്ടുപോകുന്നു. വർഗീയതയുടെ പാഠങ്ങളും ഹിന്ദുത്വയുടെ മഹത്വങ്ങളും ചൊല്ലിക്കൊടുത്തും സായുധ പരിശീലനം നൽകിയും അവരെ സാധ്വികളാക്കി വളർത്തിയെടുക്കുന്നു. ഗ്രാമങ്ങളിലേക്ക് തിരിച്ചെത്തുന്ന സംഘ് സാധ്വിമാർ പിന്നീട് ചെയ്യുന്നത് സ്ത്രീകളുടെയും കുട്ടികളുടെയും മനസ്സിൽ കാവിവർണം പൂശുകയാണ്.**



### ഏകൽ വിദ്യാലയങ്ങൾ

സംഘ്പരിവാറിന്റെ കേഡർ ഘടനയിലേക്ക് യോഗ്യരായ പ്രവർത്തകരെ റിക്രൂട്ട് ചെയ്യാനുള്ള സംവിധാനങ്ങളാണ് ആദിവാസിമേഖലകളിൽ പരന്നുകിടക്കുന്ന ഏകൽ വിദ്യാലയങ്ങൾ. സംഘ്പരിവാറിന് വേണ്ടി പുതിയ തലമുറയെ മസ്തിഷ്ക പ്രക്ഷാളനം ചെയ്യൽ മാത്രമാണീ വിദ്യാലയങ്ങളുടെ ലക്ഷ്യമെന്ന് വിഷയത്തെക്കുറിച്ച് വിശദ പഠനം നടത്തിയിട്ടുള്ള ശങ്കർ ഗോപാലകൃഷ്ണനും പ്രിയദർശിനി ശ്രീനിവാസയും പറയുന്നു. അധ്യാപകർക്ക് അധ്യാപനത്തിൽ പരിശീലനം കൊടുക്കുന്നില്ല. കൃത്യമായ കരിക്കുലമില്ല, സ്കൂളുകൾ കാര്യക്ഷമമായി നടത്തുന്നില്ല തുടങ്ങിയ ഏകൽ വിദ്യാലയങ്ങളുടെ ചില 'പ്രത്യേകതകൾ', കുട്ടികൾക്ക് മികച്ച സ്കൂൾ വിദ്യാഭ്യാസം നൽകുകയെന്ന ലക്ഷ്യത്തോടെയല്ല അവ സ്ഥാപിക്കപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുന്നു. സ്കൂൾ കുട്ടികളിൽ സംഘ് ചിന്തകൾ കടത്തിവിട്ട് കാവിവൽക്കരിക്കുകയെന്ന വിദ്യാഭാരതിയുടെ സ്വഭാവം തന്നെയാണ് ഏകൽ വിദ്യാലയങ്ങൾക്കും ഉള്ളത്. സ്കൂൾ പഠനത്തിന്റെ പേരുപറഞ്ഞ് കുട്ടികളെ സംഘടിപ്പിക്കുകയും അവരെ വർഗീയത പഠിപ്പിക്കുകയും ചെയ്യുന്നു.

ഏകൽവിദ്യാലയങ്ങളിൽ 'ആചാര്യൻ'മാരായി നിയമിക്കുന്നത് ആദിവാസികളിൽനിന്നുതന്നെയുള്ള അഭ്യസ്ഥവിദ്യരെയാണ്. അതുവഴി കുട്ടികളെ മാത്രമല്ല വിദ്യാഭ്യാസമുള്ള യുവാക്കളെ കൂടി വരുതിയിൽ കൊണ്ടുവരാൻ കഴിയുന്നു. പല കാരണങ്ങളാൽ യുവാക്കൾ ഏകൽ വിദ്യാലയങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നു. ഏകൽ വിദ്യാലയങ്ങൾ രാഷ്ട്രീയ മുക്തമാണെന്നും ഗ്രാമീണ വികസനത്തിന്റെ ഭാഗമാണെന്നും പറഞ്ഞ് അതിൽ പങ്കാളികളാകാൻ നിർബന്ധിക്കുന്നു. അതോടൊപ്പം രാഷ്ട്രീയ പാർട്ടിയിലൊന്നും ചേരാൻ പാടില്ലെന്നും ചേർന്നാൽ പിരിച്ചുവിടുമെന്നും പറയുന്നു. രാഷ്ട്രത്തെ സേവിക്കലാണ് നിങ്ങളുടെ ചുമതല, അതിൽ ജാതീയമോ മതപരമോ ആയ യാതൊരു വിവേചനവും പാടില്ല എന്നാണ് പ്രചരിപ്പിക്കുന്നത്. ഇത്തരമൊരു രൂപമാണ് ഏകൽ വിദ്യാലയങ്ങൾക്കുള്ളതെന്നറിയുമ്പോൾ സംഘ്പരിവാറിനോട് അനുഭാവമില്ലാത്തവരും ബി.ജെ.പി, ആർ.എസ്.എസ് ബന്ധമില്ലാത്തവരുമായ യുവാക്കൾ അവയുമായി സഹകരിക്കാൻ താൽപര്യം കാണിക്കുന്നു. കൃത്യമായി ഒരു തുക ശമ്പളം നൽകുന്നുവെന്നതാണ് അതിലേറെ പ്രധാനം. കാരണം ആദിവാസി മേഖലകളിൽ ജോലിയില്ലാത്ത ചെറുപ്പക്കാരുടെ നീണ്ട നിരതന്നെയുണ്ട്. അവർക്ക് മാസം തോറും 300 രൂപ ശമ്പളം കിട്ടുകയെന്നത് ചെറിയ കാര്യമല്ല! ഇങ്ങനെയുള്ള രണ്ട് ആകർഷണീയതകൾ അഭ്യസ്തവിദ്യരായ യുവാക്കളിലേക്കുള്ള സംഘ്പരിവാറിന്റെ വഴി തുറക്കുന്നു. പിന്നീട് പടിപടിയായി അവരിൽ ഹിന്ദുത്വം കുത്തിവെക്കുന്നു. അങ്ങനെ ഗ്രാമങ്ങളിലെ വിദ്യാസമ്പന്നരായ ചെറുപ്പക്കാർക്കും കുട്ടികൾക്കുമിടയിൽ സ്വാധീനം നേടി, മറ്റൊരു വഴിക്കും എളുപ്പം എത്തിപ്പെടാനാകാത്ത ഒരു സംഘടനാ സംവിധാനമാക്കി അതിനെ പരിവർത്തിപ്പിക്കുന്നു. (Carnivorous Flower Bringing Adivasis within 'Communal' fold by Shankar Gopalakrishnan, Priyadarshini Sreenivasa Page 3,4)

ആഭ്യന്തരവും വൈദേശികവുമായ സാമ്പത്തിക സ്രോതസ്സുകൾ നന്നായി ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഏകൽ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെയും വിവിധ സംസ്ഥാന ഗവൺമെന്റുകളുടെയും ഗ്രാമീണ വികസന-ആദിവാസി

ക്ഷേമ-വിദ്യാഭ്യാസ നിധികളിൽനിന്ന് സംഘ്പരിവാറിന് ധാരാളം പണം ലഭിക്കുന്നുണ്ട്. ട്രൈബൽ സൊസൈറ്റി (Tribal Society) ഉൾപ്പെടെയുള്ള സംഘ് എൻ.ജി.ഒകളെ ഉപയോഗിച്ച് ഏകൽ വിദ്യാലയ ഫൗണ്ടേഷൻ (EVF) വഴിയാണ് ഗവൺമെന്റു ഫണ്ടുകൾ സംഘ്പരിവാർ ചോർത്തുന്നത്. രാഷ്ട്രീയേതര സാംസ്കാരിക പ്രവർത്തനം, പ്രത്യേക വിദ്യാലയങ്ങൾ (alternative schools) തുടങ്ങിയ മുദ്രകൾ സ്വീകരിച്ചുകൊണ്ട് അനേകം വഴികളിലൂടെ ഏകൽ വിദ്യാലയങ്ങൾ ഫണ്ട് സ്വരൂപിക്കുന്നു. യഥാർഥത്തിൽ ഗ്രാമങ്ങളിൽ ബീഭത്സമായതെന്തൊക്കെയോ നടപ്പിലാക്കാനുള്ള നിഗൂഢ പ്രവർത്തനങ്ങളാണ് അവയിൽ നടന്നുകൊണ്ടിരിക്കുന്നത്. അതെന്താണെന്ന് ഗുജറാത്തും ഒറീസയും നമുക്ക് കാണിച്ചുതരുന്നു. (Carnivorous Flower Bringing Adivasis within 'Communal' fold- by Shankar Gopala Krishnan, Priyadarshini Sreenivasa)



**‘ഞങ്ങളുടെ പൂർവികർക്കൊന്നും കേട്ടുകേൾവിയില്ലാത്തതാണ് പുതുതായി തുടങ്ങിയ ശബരി കുംഭമേള. ഞങ്ങളുടെ കുട്ടികൾ സ്കൂൾ പാഠപുസ്തകങ്ങളിൽനിന്നാണ് ശബരിയെക്കുറിച്ച് കേൾക്കുന്നത് തന്നെ. ശബരിയുടേതെന്ന് പറഞ്ഞ് പ്രദർശിപ്പിച്ചിട്ടുള്ള ചിത്രം ഒരു ആദിവാസി സ്ത്രീയുടേതല്ല; ഒരു ആധുനിക വനിതയുടേതാണ്.’**

### ശബരി കുംഭമേള

ഗുജറാത്തിലെ പ്രധാന ആദിവാസി ജില്ലയാണ് ഡാംഗ്സ് (Dangs). ഏറെ വനഭൂമിയുള്ള ഈ ജില്ലയിലാണ് സംഘ്പരിവാറിന്റെ ആഭിമുഖ്യത്തിൽ കുംഭമേള സംഘടിപ്പിക്കാറുള്ളത്. മത-സാംസ്കാരിക ചിഹ്നങ്ങൾ ഉപയോഗിച്ച് ആർ.എസ്.എസ് എങ്ങനെയാണ് ആദിവാസികളെയും ഹിന്ദുമതവിശ്വാസികളെയും ഹിന്ദുത്വവൽക്കരിക്കുന്നത് എന്നതിന്റെ നല്ലൊരു ഉദാഹരണമാണ് ആദിവാസി മേഖലയിൽ നടക്കുന്ന കുംഭമേള. രാമന്റെ വനവാസം, സീതാപഹരണം, ശബരിയെന്ന ആരാധിക, രാമദർശനം തുടങ്ങിയവ കോർത്തെടുത്ത മനോഹരമായ ഒരു ഐതിഹ്യമാണ് ശബ്രി പൂജയുടെയും കുംഭമേളയുടെയും പിന്നിലുള്ളതായി പ്രചരിപ്പിക്കപ്പെടുന്നത്.

ശബ്രിയെക്കുറിച്ച് സംഘ്പരിവാർ പ്രചരിപ്പിക്കുന്ന കഥയിതാണ്: രാമ-ലക്ഷ്മണന്മാർ താമസിച്ചിരുന്ന വനഭൂമിയാണ് ഡാംഗ്സ്. രാമായണത്തിലെ ദണ്ഡകാരണ്യമാണത്രെ ഡാംഗ്സ്. പേരിൽ കാലാന്തരത്തിൽ രൂപമാറ്റം സംഭവിച്ചതാണ്. മുമ്പ് വളരെ കുറച്ച് ജനങ്ങൾ മാത്രമേ അവിടെ താമസിച്ചിരുന്നുള്ളൂ. ഇടക്കിടെ ചില സന്യാസിമാർ ആശ്രമങ്ങൾ സ്ഥാപിച്ച് ആരാധനകളിൽ മുഴുകാൻ അവിടെയെത്താറുണ്ടായിരുന്നു. അധകൃതരോടും ദുർബലരോടും വലിയ ദയാവായ്പുണ്ടായിരുന്ന റിഷിമാതംഗ് (Rishi Matang) അവരിലൊരാളായിരുന്നു. അദ്ദേഹത്തിന്റെ ആശ്രമത്തിൽ താമസിച്ചിരുന്ന ആദിവാസികളിൽ പെട്ട സ്ത്രീയാണ് ശബരി (Shabri). രാമന്റെ ആരാധികയായിരുന്ന ശബരി, രാമന്റെ ആഗമനവും പ്രതീക്ഷിച്ച് നാളുകൾ കഴിച്ചു. രാമൻ ഒരുനാൾ അവളെ കാണാൻ വരിക തന്നെ ചെയ്യുമെന്ന് അവളുടെ ഗുരു അവളോട് പറഞ്ഞു. ദീർഘനാൾ കാട്ടിലെ ആശ്രമത്തിൽ കഴിഞ്ഞപ്പോൾ പൂവുകളും ചെടികളും പക്ഷികളും മൃഗങ്ങളുമൊക്കെ ശബരിയുടെ സുഹൃത്തുക്കളായി മാറി. കാത്തിരുന്ന നാൾ വന്നു. അവളുടെ ആരാധനാ മൂർത്തിയായ രാമൻ ആശ്രമത്തിലെത്തി. ശബരിക്ക് അടക്കാനാവാത്ത ആഹ്ലാദം. ശബരി രാമന്റെ പാദങ്ങൾ കഴുകി. അന്നു രാവിലെ അവൾ കാട്ടിൽനിന്നു ശേഖരിച്ച കനികൾ രാമനു നൽകി. പഴങ്ങൾ ഭക്ഷിച്ച രാമൻ അതീവ സന്തുഷ്ടനായി. ശബരി രാമനോട് പ്രയാസം പിടിച്ച യാത്രയുടെ ലക്ഷ്യമാരാഞ്ഞു. സീതാപഹരണത്തിന്റെ ദുഃഖകരമായ കഥ രാമൻ അവളോടു പറഞ്ഞു. പമ്പാനദിയെ ലക്ഷ്യമാക്കി തെക്കോട്ടു പോകാൻ ശബരി രാമനെ ഉപദേശിച്ചു; അവിടെനിന്ന് കിഷ്കിന്ദയിലേക്കും. വാനര രാജാവായ സുഗ്രീവനും രാമന്റെ പ്രമുഖ ആരാധകനായ ഹനുമാനും താമസിക്കുന്നത് കിഷ്കിന്ദയിലാണ്. ‘സീതയെ അന്വേഷിച്ച് കണ്ടെത്താൻ തീർച്ചയായും അവർ അങ്ങയെ സഹായിക്കും’ എന്ന് ശബ്രി തന്റെ ആരാധനാമൂർത്തിയായ രാമനോട് പറഞ്ഞു.

ആദിവാസികളെ ഹിന്ദുഇസത്തിലേക്ക് മതപരിവർത്തനം ചെയ്യിക്കാൻ ശബരിയുടെ ഈ ഐതിഹ്യമാണ് വി.എച്ച്.പിയും വനവാസി കല്യാൺ ആശ്രമും കണ്ടെത്തിയിരിക്കുന്നത്. ഇതിലൂടെ സംഘ്പരിവാറിന് കാര്യങ്ങൾ വളരെ എളുപ്പമാകുന്നു. ഹിന്ദുത്വ വാദികൾ കൈവശപ്പെടുത്തിയ ‘രാമൻ’, ആദിവാസി സ്ത്രീയായിരുന്ന ശബരിയുടെ ആരാധനാമൂർത്തിയായിരുന്നുവെന്ന് വരുമ്പോൾ അത് ആദിവാസി മനസിൽ സൃഷ്ടിക്കുന്ന രാമഭക്തി സംഘ്പരിവാറിനു മാത്രം അനുകൂലമാകുന്ന കാവിതരംഗമായിരിക്കും. ഡാംഗ്സ്, രാമൻ സന്ദർശിച്ച സ്ഥലമാണെന്നും രാമായണത്തിലെ ദണ്ഡകാരണ്യമാണിതെന്നും പറയുമ്പോൾ പ്രദേശത്തിന് ഒരു വിശുദ്ധി കൈവരുന്നു. സമീപത്തുള്ള ‘പ്രകാശിക്കുന്ന മല’ (Chamak Dongar - Shining Mountain) എന്നു പേരിട്ടിരിക്കുന്ന ഒരു കുന്നിൽവെച്ചാണ് രാമൻ ശബരിയെ കണ്ടതും പഴങ്ങൾ ഭക്ഷിച്ചതെന്നും പറയുന്നു. അവിടെ വലിയൊരു ക്ഷേത്രം നിർമിച്ചിട്ടുണ്ട്. നിരവധി മരങ്ങൾ മുറിക്കുകയും വനനിയമങ്ങൾ ലംഘിക്കുകയും ചെയ്തുകൊണ്ടാണത്രെ ഇത് ചെയ്തിട്ടുള്ളത്. രാമൻ, ലക്ഷ്മണൻ, ശബ്രി എന്നിവരുടെ പ്രതിമകൾ സ്ഥാപിച്ചിട്ടുള്ള ഈ ക്ഷേത്രം നിർമിച്ചത് 2004-ലാണ്. സമീപഗ്രാമമായ സുബിറി(subir)ലെ നീരു

റവകൾ, അടുത്തുകൂടി ഒഴുകുന്ന പൂർണ നദി, പ്രകാശിക്കുന്ന പർവതം തുടങ്ങിയവയുമായി ബന്ധപ്പെട്ട പലതരം ഐതിഹ്യങ്ങളും പ്രചരിപ്പിക്കപ്പെടുന്നു. ഇങ്ങനെ പ്രദേശമാകെ വിശുദ്ധഭൂമിയാണെന്ന് വരുന്നതോടെ ക്രിസ്ത്യാനികളെയും മുസ്‌ലിംകളെയും അവിടെ നിന്ന് തുരത്താനാകുമെന്ന് സംഘ്പരിവാർ കണക്കു കൂട്ടുന്നു. അവിടെ ജീവിക്കുന്ന ആദിവാസികളെ സമീപിക്കാൻ മിഷനറി പ്രവർത്തകർക്ക് സാധിക്കുകയില്ല.

രാമ-ലക്ഷ്മണ-ശബരി കേന്ദ്രമായ ഡാംഗ്സിൽ സംഘ് ആഭിമുഖ്യത്തിൽ പുതുതായി ആരംഭിച്ചതാണ് ഡാംഗ്സ് കുംഭമേള. ആദിവാസികളെ കാവിവൽക്കരിക്കുകയെന്ന ലക്ഷ്യത്തോടെ 2006 ഫെബ്രുവരി 11 മുതൽ 13 വരെയാണ് പ്രഥമ ഡാംഗ്സ് കുംഭമേള നടന്നത്. നാലു വർഷത്തിലൊരിക്കൽ കുംഭമേള സംഘടിപ്പിക്കണമെന്നാണ് തീരുമാനം. 'കുംഭ' (Kumbha) സംസ്കൃത പദമാണ്; 'കുടം' (Pot) എന്നാണതിന്റെ അർഥം. മേള (mela) എന്നാൽ ആഘോഷവും. അലഹബാദ്, നാസിക്, ഹരിദ്വാർ, ഉജ്ജൈൻ എന്നിവിടങ്ങളിൽ നാല് വർഷത്തിലൊരിക്കൽ നടക്കുന്ന വലിയൊരു ആഘോഷമാണ് കുംഭമേള. പന്ത്രണ്ടു വർഷത്തിലൊരിക്കൽ അലഹബാദിൽ 'മഹാകുംഭമേള'യും നടക്കാറുണ്ട്.

ഹിന്ദു ആചാര പ്രകാരം ഈ നാല് കുംഭമേളകൾക്കുപുറമെ പുതിയൊരു കുംഭമേള ആരംഭിക്കാൻ മതപരമോ, സാംസ്കാരികമോ ആയ യാതൊരു അനുവാദവുമില്ല. അതുകൊണ്ടുതന്നെ ഡാംഗ്സിൽ സംഘ്പരിവാർ പുതുതായി ആരംഭിച്ച കുംഭമേള കൃത്രിമം (Pseudo Kumbha) ആണെന്നാണ്, ഗുജറാത്തിലെ സംഘ്പരിവാർ പ്രവർത്തനങ്ങളെക്കുറിച്ച് പഠിച്ച സിറ്റിസൺസ് എൻക്വയറി കമ്മിറ്റി പറയുന്നത് (India Gujrat: Untold Story of Hindukaran-Proselytisation - of Adivasis- Tribals in Dangs A report. page: 13). സ്വാമി അസിമാനന്ദ, മൊറാറി ബാപ്പു, സുരേഷ് കുൽക്കർണി തുടങ്ങിയവരാണ് കുംഭമേള സംഘടിപ്പിക്കാൻ നേതൃത്വം കൊടുത്തത്. കുംഭമേള മാത്രമല്ല, ഹോളിയും ദീപാവലിയുമൊക്കെ വളരെ സജീവമായി ആദിവാസി മേഖലകളിൽ ആഘോഷിച്ചു തുടങ്ങിയത് അസിമാനന്ദയുടെ വരവിനു ശേഷമാണ്.

പ്രഫഷനൽ മികവോടെ തയാർ ചെയ്യപ്പെട്ട സി.ഡികൾ ഉൾപ്പെടെയുള്ള പലവിധ മാധ്യമങ്ങളും കുംഭമേളയുടെ പ്രചാരണത്തിന് ഉപയോഗിക്കുന്നുണ്ട്.

**ആദിവാസികൾ മദ്യവും കോഴിയും നിവേദിച്ച് പൂജിച്ചിരുന്ന ഗിരിവർഗ ദൈവമാണ് 'ബോർഗൽ ഡിയോ' (Borkhal dea). ഈ ഗിരിവർഗ ദൈവത്തെ ദത്ത ഭഗവാൻ (Datta Bhagvan) ആക്കി 'മതപരിവർത്തനം' നടത്തിയിരിക്കുന്നു സംഘ്പരിവാർ. മദ്യപിക്കാത്ത പച്ചക്കറി ദൈവമാണ് (non drinker vegetarian god) ഇപ്പോൾ ദത്തഭഗവാൻ.**

അവ പരിശോധിച്ചാൽ എന്താണ് മേളകളിലൂടെ സംഘ്പരിവാർ ലക്ഷ്യം വെക്കുന്നതെന്ന് മനസ്സിലാക്കാം. 'ക്രിസ്തുമതം അപകടകരമായ വിദേശവിശ്വാസമാണ്. രാമൻ രാവണനെ കൊന്നപോലെ ക്രിസ്ത്യാനികളെ നശിപ്പിക്കണം.' ഇതാണവയുടെ ഉള്ളടക്കം. കുംഭമേളയിൽ നടക്കുന്ന സംഘ്നേതാക്കളുടെ പ്രസംഗങ്ങൾ ആധ്യാത്മികതയല്ല, വർഗീയ വിഷമാണ് പ്രസാരണം ചെയ്യുന്നത്. നടത്തിപ്പു കമ്മിറ്റിയിലെ പ്രധാനികളെല്ലാം പുറത്തുനിന്ന് വന്നവരാണ്; ഒരു ആദിവാസിയുമില്ല, ഡാംഗിയുമില്ല. ക്രിസ്ത്യൻ-മുസ്‌ലിം വിദ്വേഷത്തിന്റെ പ്രചാരകനും ബജ്റംഗ്ദൾ നേതാവുമായ സ്വാമി അസിമാനന്ദയാണ് എല്ലാറ്റിനും ചുക്കാൻ പിടിക്കുന്നത്. 'ഗുരുജി'യായി വാഴ്ത്തപ്പെടുന്ന അസിമാനന്ദ കുംഭമേളയുടെ ലക്ഷ്യം യാതൊരു മറയുമില്ലാതെ പ്രഖ്യാപിക്കുന്നു: "ഹിന്ദു സമൂഹം രണ്ട് വലിയ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ക്രിസ്ത്യൻ മതപരിവർത്തനവും ഇസ്‌ലാമിക ജിഹാദുമാണവ. ആഗോളാടിസ്ഥാനത്തിൽ തന്നെ ഞങ്ങൾക്ക് അവരുടെ ഭീഷണിയെ ചെറുത്തുനിൽക്കേണ്ടതുണ്ട്. കഴിഞ്ഞ ഏഴുവർഷത്തിനിടക്ക് ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത ധാരാളമാളുകൾ ഹിന്ദുമതത്തിലേക്ക് തിരിച്ചു വന്നിട്ടുണ്ട്." 1998-ൽ തന്റെ നേതൃത്വത്തിൽ ക്രിസ്ത്യാനികൾക്കെതിരെ നടന്ന ആക്രമണത്തെക്കുറിച്ച് വളരെ അഭിമാനത്തോടെയാണ് അസിമാനന്ദ ഓർക്കുന്നത്. (Manini Chaterjee - Indian Express 21 Sept. 05)

**ദൈവങ്ങൾക്കും മതപരിവർത്തനം**

ആദിവാസികൾ പരമ്പരാഗതമായി രാമനെയും ശബരിയെയും ഹനുമാനെയും ആരാധിച്ചിരുന്നുവെന്ന വാദം കൃത്രിമമാണ്. അതിന് ചരിത്രത്തിന്റെ പിൻബലമില്ല. ഗുജറാത്തിലെ ആദിവാസികൾ തന്നെ പറയുന്നത് കൃഷിയുമായി ബന്ധപ്പെട്ട ചില ആരാധനാ രീതികളാണ് തങ്ങൾക്കുണ്ടായിരുന്നതെന്നാണ്. ചില മതങ്ങളെയും പരമ്പരാഗത ശിലകളെയും പൂജിക്കും. സമീപത്ത് ചെറിയ ക്ഷേത്രങ്ങൾ ഉണ്ടാക്കും. ഇതായിരുന്നു അവരുടെ രീതി. ബ്രാഹ്മണിക ഹിന്ദുമതത്തിലെ ദേവീദേവന്മാരെയൊന്നും അവർ പൂജിച്ചിരുന്നതായി തെളിവില്ല. സംഘ്പരിവാറിന്റെ സവർണ നേതൃത്വം ഇത് മനസ്സിലാക്കുകയും തങ്ങളുടെ ദേവീദേവന്മാരെ കൂടി ആദിവാസികളുടെ ദൈവങ്ങളാക്കി അവതരിപ്പിക്കുകയും ചെയ്തു. മുമ്പില്ലാത്ത വിധം, നൂറുകണക്കിന് ക്ഷേത്രങ്ങളാണ് പുതിയ രൂപത്തിൽ ആദിവാസി മേഖലകളിൽ പണിതുയർത്തിയിട്ടുള്ളത്. തുടക്കത്തിൽ നിരുപദ്രവകരമെന്ന് തോന്നിയ ഈ ആരാധനാലയ ഗൂഢാലോചനയുടെ പൊരുൾ ആദ്യം ഞങ്ങൾക്ക് തിരിച്ചറിയാനായില്ലെന്നാണ് ഡാംഗ്സിലെ ആദിവാസികളിൽ ചിലർ പറയുന്നത് (Untold Story of Hindukaran - Proselytisation - of Adivasi - Tribal - in Dangs. Citizen's Inquiry Committee. page 12-14)

ആദിവാസികൾ മദ്യവും കോഴിയും നിവേദിച്ച് പൂജിച്ചിരുന്ന ഗിരിവർഗ ദൈവമാണ് 'ബോർഗൽ ഡിയോ' (Borkhal dea). ഈ ഗിരിവർഗ ദൈവത്തെ ദത്ത ഭഗവാൻ (Datta Bhagvan) ആക്കി 'മതപരിവർത്തനം' നടത്തിയിരിക്കുന്നു സംഘ്പരിവാർ. മദ്യപിക്കാത്ത പച്ചക്കറി ദൈവമാണ് (non drinker vegetarian god) ഇപ്പോൾ ദത്തഭഗവാൻ. ഹിന്ദു ജാഗരൺ മഞ്ചിന്റെ നേതൃത്വത്തിൽ നടന്ന ഈ ദൈവ മതപരിവർത്തനത്തെ ആദ്യം ആദിവാസി മൂപ്പന്മാർ എതിർത്തിരുന്നുവെങ്കിലും ക്രമേണ അവർ മൗനികളായി.


'ശബരി'യുടെ കഥയും സമാനമാണ്. ഭൈൽ (Bhil) വിഭാഗത്തിൽപെട്ടവളാണ് ശബരിയെന്നാണ് പ്രചാരണം. പക്ഷേ, സിറ്റിസൺസ് എൻക്വയറി കമ്മിറ്റി സംസാരിച്ച നിരവധി ആദിവാസികൾ അതിൽ സംശയാലുക്കളാണ്. 'ശബരി കഥകൾ കേൾക്കാൻ തുടങ്ങിയിട്ട് ഏതാനും വർഷങ്ങളേ ആയിട്ടുള്ളൂവെന്നാണ് ആദിവാസി സമുദായ നേതാ

ക്കൾ പറയുന്നത്. പൗരാണിക കൃതികളിലോ സാഹിത്യങ്ങളിലോ ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ രേഖകളിലോ ഒന്നും ശബ്രിയെ കാണാനാകുന്നില്ല.

'ശിവാർ ദേവനും' (Shivar Dev) 'ഭവാനി ദേവനും' (Bhavani Dev) മറ്റു രണ്ട് ഉദാഹരണങ്ങളാണ്. ആദിവാസികൾ കോഴിയും ആടും നിവേദിച്ചിരുന്ന ദേവനായിരുന്നു ഭവാനി. റാവുഭായി (Raobhai)യുടെ മാവിൻ തോട്ടത്തിലുണ്ടായിരുന്ന ദേവനാണ് 'ശിവാർ.' ഏതാനും വർഷങ്ങൾക്കുമുമ്പ് സ്വാമി അസിമാനന്ദയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഒരു യോഗത്തിൽ വെച്ചാണ് രണ്ടു സ്ഥലത്തും ശബരി ക്ഷേത്രം ഉണ്ടാക്കാൻ ആഹ്വാനം ചെയ്തത്. അതോടെ ഭവാനിദേവന് കോഴിയും ആടും നിവേദിക്കുന്നതു നിർത്തലാക്കി. 'നിങ്ങളൊന്നും ആദിവാസികളല്ല, വനവാസികളാണ്' എന്ന് യോഗത്തിൽ പ്രസംഗിച്ചവർ ആദിവാസികളോട് പറഞ്ഞു. ശബരി ക്ഷേത്രങ്ങളുണ്ടാക്കാൻ പലരുടെയും ഭൂമി പിടിച്ചെടുത്തു. വ്യക്തികളെ ബലംപ്രയോഗിച്ച് രേഖകളിൽ ഒപ്പുവെപ്പിച്ചു.

ക്ഷേത്രങ്ങളോടനുബന്ധിച്ച് ആശുപത്രികളും സ്കൂളുകളും പണിയുമെന്ന് വി.കെ.എ പറഞ്ഞിരുന്നു. പക്ഷേ, ക്ഷേത്രങ്ങളുണ്ടാക്കി കഴിഞ്ഞപ്പോൾ ആശുപത്രി, സ്കൂൾ വാഗ്ദാനം ഏട്ടിൽ മാത്രമായി. "ഡോക്ടറോ, കമ്പൗണ്ടറോ ഇല്ലാത്ത ഒരു വാൻ ഇടക്ക് വരും. ഡ്രൈവർ തന്നെ മരുന്നു കൊടുക്കും കുത്തിവെപ്പു നടത്തും" -പ്രദേശത്തെ സാമൂഹിക പ്രവർത്തകനായ ലക്ഷ്മൺ ബാഗേശ് പറയുന്നു. പരമ്പരാഗതമായി ആളുകൾ 'റാം റാം' എന്ന് അഭിവാദ്യം ചെയ്യാറുണ്ടായിരുന്നു. ഇപ്പോഴത് അക്രമണോത്സുക ഹിന്ദുത്വത്തിന്റെ ജയ്ശ്രീറാം വിളിയായി മാറിയിരിക്കുന്നു' - ലക്ഷ്മൺ ബാഗേശിന്റെ വാക്കുകൾ. മെലിഞ്ഞൊട്ടിയ, അർധനഗ്നരായ ആദിവാസിക്കുട്ടികളുടെ ജയ്ശ്രീറാം വിളികൾ, പമ്പാസരോവറിൽനിന്ന് മടങ്ങുംവഴി ഞങ്ങൾ കേട്ടുവെന്ന് സിറ്റിസൺസ് എൻക്വയറി കമ്മിറ്റിയിലെ അംഗങ്ങൾ പറയുന്നു.

വി.എച്ച്.പിയുടെ കടന്നുവരവോടെയാണ് ആദിവാസികളുടെ മതം മാറാനും സംസ്കാരം തകരാനും തുടങ്ങിയതെന്നാണ് ഡാംഗ്സിലെ ആദിവാസി പ്രമുഖർ പറയുന്നത്: വി.എച്ച്.പി പുതിയ പുരാണങ്ങളും പുത്തൻ ആഘോഷങ്ങളും അഭിവാദന രീതികളും അവതരിപ്പിക്കുന്നു. ഗിരിവർഗ ദൈവങ്ങൾ തുറന്ന സ്ഥലങ്ങളിലാണ് എക്കാലത്തും പ്രതിഷ്ഠിക്കപ്പെട്ടിരുന്നത്. ഹിന്ദുദൈവങ്ങളെയാണ് ക്ഷേത്രങ്ങൾക്കകത്ത് സ്ഥാപിക്കാറുള്ളത്. "ശബരിയെക്കുറിച്ച് ഞങ്ങളറിയാൻ തുടങ്ങിയിട്ട് 5-7 വർഷങ്ങളേ ആയുള്ളൂ. ഞങ്ങളുടെ പൂർവികർക്കൊന്നും കേട്ടുകേൾവിയില്ലാത്തതാണ് പുതുതായി തുടങ്ങിയ ശബരി കുംഭമേള. ഞങ്ങളുടെ പാരമ്പര്യ സംസ്കാരം മറക്കാനാണ് പുതിയ സംസ്കാരവുമായി വന്ന് അവർ പറയുന്നത്. ഞങ്ങളുടെ കുട്ടികൾ സ്കൂൾ പാഠപുസ്തകങ്ങളിൽനിന്നാണ് ശബരിയെക്കുറിച്ച് കേൾക്കുന്നത് തന്നെ. ശബരിയുടേതെന്ന് പറഞ്ഞ് പ്രദർശിപ്പിച്ചിട്ടുള്ള ചിത്രം ഒരു ആദിവാസി സ്ത്രീയുടേതല്ല; ഒരു ആധുനിക വനിതയുടേതാണ്. കുംഭമേളയുടെ സന്ദർഭത്തിൽ നാഗാബാബമാർ (Naga Babas) വന്ന് ഞങ്ങളുടെ സംസ്കാരം നശിപ്പിക്കുകയാണ്" ആദിവാസികളായ ബുദ്ധഭായ് എൻ. പട്ടേൽ (Budhabhai N. Patel), സൊമാജി ലക്ഷ്മൺ വഡ്പാഡ (Somaji Laxman Vadpada), ധോണ പാണ്ഡ്യ റാവു പാഡ (Dhona Pandu Raopada), ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത ആദിവാസി അഗസ്റ്റിൻ രാജ്‌വാഡ് (Augustine Rajwade) തുടങ്ങിയവരുടെ വാക്കുകളാണിത് (Citizen's Inquiry Committee report - page 14,15).



**സംഘ്പരിവാറിന്റെ കേഡർ ഘടനയിലേക്ക് യോഗ്യരായ പ്രവർത്തകരെ റിക്രൂട്ട് ചെയ്യാനുള്ള സംവിധാനങ്ങളാണ് ആദിവാസിമേഖലകളിൽ പരന്നുകിടക്കുന്ന ഏകൽ വിദ്യാലയങ്ങൾ. സംഘ്പരിവാറിന് വേണ്ടി പുതിയ തലമുറയെ മസ്തിഷ്ക പ്രക്ഷാളനം ചെയ്യൽ മാത്രമാണീ വിദ്യാലയങ്ങളുടെ ലക്ഷ്യമെന്ന് വിഷയത്തെക്കുറിച്ച് വിശദ പഠനം നടത്തിയിട്ടുള്ള ശങ്കർ ഗോപാലകൃഷ്ണനും പ്രിയദർശിനി ശ്രീനിവാസയും പറയുന്നു.**

'ഭൈൽ' വർഗക്കാർ, മുമ്പ് ബൈലകളാണ് ഞങ്ങൾ എന്നാണ് പറഞ്ഞിരുന്നത്. എന്നാൽ ഇപ്പോൾ 'ഹിന്ദുഭൈൽ' എന്നാണ് അവർ സ്വയം തന്നെ തങ്ങളെ വിശേഷിപ്പിക്കുന്നത്. 'ഹിന്ദു' എന്ന വാക്കുകൂടി രേഖകളിലുണ്ടെങ്കിൽ സംസ്ഥാന ഗവൺമെന്റിന്റെ സ്കോളർഷിപ്പുകൾ എളുപ്പം കിട്ടുമത്രെ!

ക്ഷേത്രനിർമാണത്തിനും കുംഭമേളയുടെ നടത്തിപ്പിന് സ്ഥല സൗകര്യമൊരുക്കാനും വേണ്ടി സംരക്ഷിത വനമേഖലയിലെ 700 മരങ്ങളാണ് മുറിച്ചു കളഞ്ഞത്. വിഷയം നിയമസഭയിൽ (വിധാൻ സൗധ്) ഉന്നയിച്ച കോൺഗ്രസ് എം.എൽ.എ മധുഭായ് ഭോവി (Madhubhai Bhoye MLA) ന്റെ ചോദ്യങ്ങൾക്ക് മറുപടി കിട്ടിയില്ല. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ പരാതിപ്പെട്ടിട്ടും മറുപടിയുണ്ടായില്ല. മാത്രമല്ല ചില മീഡിയകൾ അതിന്റെ പേരിൽ അദ്ദേഹത്തെ ഹിന്ദുവിരുദ്ധ നേതാവായി ചിത്രീകരിക്കുകയും ചെയ്തു. ഡാംഗ്സിന്റെ വികസനത്തിനായി കേന്ദ്രഗവൺമെന്റ് നൽകിയ 15 കോടി രൂപയിൽനിന്ന് 9 കോടിയും ചെക്കുഡാമുകൾ തുടങ്ങിയ കുംഭമേളയുടെ അനുബന്ധ ആവശ്യങ്ങൾക്കുവേണ്ടിയാണ് ചെലവഴിച്ചതെന്നും അതേക്കുറിച്ച് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് കേന്ദ്രഗവൺമെന്റിന് പരാതി നൽകിയിട്ടുണ്ടെന്നും മധുഭായ് പറയുന്നു (Citizens Inquiry Committee report page 16). ■

sadarvzkd@yahoo.co.in

**അടുത്ത ലക്കത്തിൽ**
**രാജസ്ഥാനിലെ ഘർവാപ്പസി**